ആഗോള നിക്ഷേപക സമ്മേളനത്തിൽ വന്ന പദ്ധതികൾ

3 (1179) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപ സമ്മേളനത്തിൽ വന്ന പദ്ധതികൾക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) പൊതുമേഖലയിൽ നിന്നുള്ളതോ കെ.എസ്.ഐ.ഡി.സി.യും, കിൻഫ്രയും നേരത്തെ പരിഗണിച്ചുകൊണ്ടിരിക്കുന്നതോ അല്ലാത്ത, ജിം വഴി ആദ്യമായിവന്ന എത്ര പദ്ധതികൾക്ക് മന്ത്രിസഭ അംഗീകാരം നൽകുകയുണ്ടായി അവ ഏവ ;

(സി) മന്ത്രിസഭ അംഗീകാരം നൽകിയവയിൽ സർക്കാരിന്റെ സ്ഥലമോ സൗകര്യങ്ങളോ ദുർലഭമായ അസംസ്കൃത വസ്തുക്കളോ നിക്ഷേപകർക്ക് കൈമാറുന്ന എത്ര പദ്ധതികളുണ്ട് ; പൊതുമേഖലയിൽ നിന്നുള്ളപദ്ധതികൾ എത്ര കോടിയുടേതാണ് ; നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ പദ്ധതികൾ എന്തെങ്കിലും ഉണ്ടോ ; എങ്കിൽ എത്ര ; പരിഗണനയ്ക്ക് വന്നവയിൽ മന്ത്രിസഭ ഏതെങ്കിലും പദ്ധതികൾ ഒഴിവാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 2002-2003 സാമ്പത്തിക വർഷം ആഗോള നിക്ഷേപക വർഷമായി കണക്കാക്കിയിരുന്നതിനാൽ ഈ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളും കെ.എസ്.ഐ.ഡി.സി.യും തുടങ്ങിയ പദ്ധതികളെല്ലാം ജിം വഴിവന്ന പദ്ധതികളായി കണക്കാക്കിയിരിക്കുന്നു. മന്ത്രിസഭ അംഗീകാരം നൽകിയ പദ്ധതികളെല്ലാം ഈ കാലയളവിനുള്ളിൽ ആരംഭിച്ചവയാണ് വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(സി) മന്ത്രിസഭ അംഗീകാരം നൽകിയവയിൽ സർക്കാരിന്റെ സ്ഥലവും അസംസ്കൃത വസ്തുക്കളും വേണ്ടിവരാൻ സാദ്ധ്യതയുള്ള പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* പദ്ധതികൾ വിവിധ ഘട്ടങ്ങളിലായതിനാൽ മുടക്ക് മുതലിനെക്കുറിച്ച് പറയാറായിട്ടില്ല. നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന 14 കമ്പനികളുടെ പദ്ധതികളാണുള്ളത്. പരിഗണനയ്ക്ക് വന്ന പദ്ധതികൾ ഒന്നും തന്നെ മന്ത്രിസഭ ഒഴിവാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly